സംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി സ്റ്റാർട്ട് എനർജി പ്രോഗ്രാം നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധയിനം മത്സരപരിപാടികളും നടപ്പിലാക്കിവരുന്നു.

7. വിവിധ മേഖലകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് നൽകി ആദരിച്ചുവരുന്നു.

8. ഊർജ്ജകാര്യക്ഷമത കൂടിയ തെരുവുവിളക്കുകളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 45watts ശേഷിയുള്ള 100 വീതം എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവുവിളക്കുകൾ സ്ഥാപിച്ചു പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

9. സർക്കാർ മേഖലയിലെ HT വൈദ്യുത ഉപഭോക്താക്കളായ വ്യവസായ ശാലകൾക്കും കെട്ടിടങ്ങൾക്കും ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിന് 50 ശതമാനം ധനസഹായം. (പരമാവധി 50000 രൂപ) അനുവദിച്ചുവരുന്നുണ്ട്.

10. ഈ വർഷം സംസ്ഥാനത്തെ 6 സിവിൽ സ്റ്റേഷനുകൾ ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഓരോ വർഷവും 33 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയുന്നു.

വൈദ്യുതി പ്രതിസന്ധി

26 (366) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനം കടുത്ത വൈദ്യുതപ്രതിസന്ധിയിലേയ്ക്ക് നീങ്ങാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

<u>ഉത്തരം</u>

കേരളത്തിലെ വൈദ്യുത നിലയങ്ങളുടെ സ്ഥാപിതശേഷി, ഇപ്പോഴത്തെ വൈദ്യുതിയുടെ ആവശ്യകത നിറവേറ്റാൻ പര്യാപ്തമല്ല. സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിന് വലിയ ഉത്പാദന നിലയങ്ങൾ ആരംഭിക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണവും പൊതുജനങ്ങളുടെ എതിർപ്പുമൂലവും തടസ്സപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യകത മുന്നിൽ കണ്ട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പവർ ട്രേഡർമാർമുഖേന വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസരണ ഇടനാഴികളുടെ അഭാവംമൂലം വൈദ്യുതിമുഴുവൻ കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നില്ല. അധിക പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനും കൂടുതൽ പ്രസരണ ലൈനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും പരിശ്രമിച്ചുവരുന്നു.

ഇതിൻപ്രകാരം കേരളത്തിലേയ്ക്ക് അന്തർസംസ്ഥാന ലൈനുകളിൽക്കൂടി കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനായി, ഇപ്പോൾ നിർമ്മാണത്തിലുള്ള 400 കെ.വി. മൈസൂർ-അരീക്കോട്, 400 കെ.വി. ഇടമൺ-കൊച്ചി ലൈനുകളുടെയും നിർമ്മാണം ലൈൻ റൂട്ടിലെ തർക്കങ്ങൾ പരിഹരിച്ച് പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സർക്കാർതലത്തിലും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലും സ്വീകരിച്ചുവരുന്നു. പി.ജി.സി.ഐ.എൽ. ആണ് പ്രസ്തുത ലൈനുകൾ നിർമ്മിക്കുന്നത്. ഇതിനുപുറമെ 400 കെ.വി. ഉടുപ്പി-കാസർഗോഡ്-കോഴിക്കോട് ലൈനിനും എസ്.ആർ.പി.സി.യിൽ അനുമതി ലഭിച്ചിട്ടുണ്ട്.

വൈദ്യുതിയുടെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം ഇപ്പോൾ നികത്തുന്നത് പവർ എക്സ്ചേഞ്ച്/ട്രേഡർമാർവഴി വൈദ്യുതിവാങ്ങിയും, വിലകൂടിയ താപവൈദ്യുതി ഉത്പാദിപ്പിച്ചും ഡീവിയേഷൻ സെറ്റിൽമെന്റ് വഴി വൈദ്യുതി എടുത്തുമാണ്. എന്നാൽ കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി വിഹിതത്തിലോ, സാങ്കേതിക കാരണങ്ങളാൽ ആഭ്യന്തര ഉത്പാദനത്തിലോ, ഇടനാഴിയുടെ അഭാവംമൂലം വൈദ്യുതി ലഭിക്കുന്നതിലോ കുറവ് ഉണ്ടാകുമ്പോൾ ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ ഗ്രിഡ് സുരക്ഷയും മറ്റും പരിഗണിച്ച് ചെറിയ തോതിൽ വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതായി വരാറുണ്ട്.

വൈദ്യുതി ബോർഡിന്റെ അധീനതയിലെ ഭൂമിയിൽ നടപ്പിലാക്കുന്ന പദ്ധതി

27 (367) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ ബോർഡിന്റെ പരിശീലന കേന്ദ്രമോ പ്രസരണ വിഭാഗത്തിന്റെ ഏതെങ്കിലും പദ്ധതിയോ പുതിയ ടി. എം. ആർ.

LIBRARY ARCHIVES Kerala Legislative Assembly